പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3594

15.03.2018 ൽ
മറുപടിയ്ക്ക്

## സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>ശ്രീ.എ.സി. മൊയ്തീൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ; | (എ) | കേരള സംസ്ഥാന യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ബി) | യുവാക്കൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് എത്ര പഠനങ്ങളാണ് കമ്മീഷൻ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നടത്തിയിട്ടുള്ളത് ; അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ? | (ബി) | യുവാക്കൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനകമ്മീഷൻ പഠനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനു മായി നിയമം മൂലം രൂപീകരിക്കപ്പെട്ടതാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ.

യുവാക്കളുടെ ക്ഷേമത്തിനായി മാർഗ്ഗ നിർദ്ദേശം നൽകുന്നതും സഹായിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും കഴിവുകൾ പരിപോഷിപ്പിക്കുന്നതും സർക്കാർ അതാത് സമയം ഏൽപ്പിച്ച കൊടുക്കുന്ന അത്തരം ചുമതലകൾ നിർവഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യ മായിരിക്കുന്നതാണെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. കമ്മീഷന്റെ ചുമതലകൾ താഴെപ്പറയും പ്രകാരമായിരിയ്ക്കുമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എ) യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഭരണഘടനയിലെ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാർ ഉത്തരവിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റ തരത്തിലും ഉള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക ;

(ബി) യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അത്തരം കാര്യങ്ങൾ സർക്കാരിന് ആവശ്യമായ ശിപാർശകൾ നൽകുകയും ചെയ്യുക ;

(സി) യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾ നേടിയെടുക്കു ന്നതിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക ;

(ഡി) പൂർണ്ണമായ ശാക്തീകരണവും മികവും നേടുന്നതിന് വേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക ;

(ഇ) യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ തേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പ്രോത്സാഹനപരവും വിദ്യാഭ്യാസപരവു മായ ഗവേഷണങ്ങൾ ഏറ്റെടുക്കുക ;

(എഫ്) യുവാക്കളുടെ, പ്രത്യേകിച്ചും ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലും പെടുന്നവരുടെ സാമൂഹിക -സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ സർക്കാരിനെ ഉപദേശിക്കുക ;

(ജി) യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ച കൊണ്ട് ഉന്നത

നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക ;

(എച്ച്) അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക ;

(ഐ) യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിൻമേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൻമേൽ സ്വമേധയായും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക ;

(ജെ) പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹിക ബോധം, സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക ;

(കെ) അതത് സമയം അതിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റു വിഷയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക.

## കമ്മീഷന്റെ പ്രവർത്തനങ്ങൾ

കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിന്റെ ഭാഗമായി കമ്മീഷൻ നിരവധി പദ്ധതികളും പരിപാടികളും സംഘടിപ്പിച്ചുവരുന്നു. കമ്മീഷന്റെ ഓരോ വർഷത്തെയും പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവത്തനങ്ങൾ നടത്തിവരുന്നു.

(i) മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് മേഖലകളിലും ബോധവത്ക്കരണം.

യുവാക്കളിൽ വർദ്ധിച്ചു വരുന്ന മദ്യം-മയക്കുമരുന്ന് ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ, കോളേജിലെ റാഗിംഗ് എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നതിനുദ്ദേശിച്ച് സംസ്ഥാനത്തെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവിടങ്ങളിലും യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ സന്നദ്ധ സേവകരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി ബോധവത്ക്കരണ പ്രവർത്തനങ്ങളും മറ്റ് പരിപാടികളും നടത്തിവരുന്നു.

(ii) പട്ടികജാതി /ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം

സംസ്ഥാനത്തെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് പ്രസ്തുത വിഭാഗക്കാരുടെ

അവകാശങ്ങൾ, അവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, അവർക്ക് ബാധകമായിട്ടുള്ള നിയമങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പരിപാടികൾ പട്ടികജാതി ആദിവാസി മേഖലകളിലും മറ്റ് പിന്നോക്ക വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലും നടത്തുന്നതിലേക്കായി യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകി പ്രസ്തുത മേഖലകളിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ച് ബോധവത്ക്കരണപ്രവർത്തനം നടത്തിവരുന്നു

(iii) ദേശീയ സെമിനാർ

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി ഓരോ വർഷവും ദേശീയ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു.

(iv) സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ നടത്തുന്നത്

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി യുവാക്കളുടെ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ജില്ലകളിലും സോമിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു.

(v) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗും നടത്തുന്നത്.

കമ്മീഷൻ മുൻപാകെ ലഭിച്ച പരാതികളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു

(vi)യുവാക്കളുടെ തൊഴിലവസരങ്ങൾക്കായി നടപ്പിലാക്കിയ ജോബ് പോർട്ടൽ പദ്ധതി

യുവാക്കൾക്ക് തൊഴിലവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തൊഴിൽ നേടാൻ പറ്റിയ കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സ്വകാര്യ, വിദേശ തൊഴിൽദായകരിൽ നിന്നും ലഭ്യമായ തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനുമായി കമ്മീഷൻ ഒരു ജോബ് പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്.

(vii) വിവിധ മേഖലകളിൽ ഉന്നത നേട്ടങ്ങൾക്കുടമയായ യുവാക്കൾക്ക് യൂത്ത് ഐക്കൺ അവാർഡ്.

കല/സംസ്കാരം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ ഉന്നത നേട്ടം കൈവരിച്ച യുവാക്കളെ യൂത്ത് ഐക്കൺ അവാർഡ് നല്കി ആദരിച്ചുവരുന്നു.

(viii) ദേശീയ യുവജന ദിനാഘോഷം

വിവിധ പരിപാടികളോടുകൂടി ഓരോ വർഷവും ദേശീയ യുവജന ദിനം ആഘോഷിച്ചുവരുന്നു.